## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2537      19.12.2012-ൽ മറുപടിക്ക്

## താലൂക്ക് ആശുപത്രികളിലെ ഡോക്ടർമാരുടെ കുറവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) താലൂക്ക് ആശുപത്രികളിൽ ഡോക്ടർമാരുടെ എണ്ണം എത്ര വേണമെന്ന് നിശ്ചയിക്കുന്നത് ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ വരുന്ന രോഗികളുടെ എണ്ണത്തെ ആധാരപ്പെടുത്തിയാണോ; ആണെങ്കിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ കൂടാതെ 1500 ന് മുകളിൽ ഒ.പി യുള്ള ആശുപത്രിയിൽ ഏകദേശം എത്ര ഡോക്ടർമാരുടെ സേവനം വേണ്ടി വരും; വിശദമാക്കുമോ; | എ)അല്ല. ആശുപത്രികളിൽ ഡോക്ടർമാരുടെ എണ്ണം നിശ്ചയിക്കുന്നത് ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണത്തെ ആശ്രയിച്ചാണ്. |
| (ബി) താലൂക്ക് ആശുപത്രികളിൽ പോസ്റ്റ്മാർട്ടം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട്; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി)ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (സി) അസിസ്റ്റന്റ് സർജൻ / ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി യിൽ നിന്നും നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്പെഷ്യാലിറ്റി വിഭാഗത്തിലെ (ജൂനിയർ കൺസൾട്ടന്റ്) ഒഴിവുകൾ സർവീസിലിരിക്കുന്ന പി.ജി ബിരുദമുള്ള |

ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് സീനിയോറിറ്റി പ്രകാരം നിയമനം നടത്തി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സിവിൽ സർജൻ, കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അടിയന്തിര ഘട്ടങ്ങളിൽ അഡ്ഹോക്ക് വ്യവസ്ഥയിലും, വിരമിച്ച ഡോക്ടർമാരുടെ സേവനവും ഉപയോഗപ്പെടുത്തിവരുന്നു.

കൂടാതെ മേജർ ആശുപത്രികളിൽ 210 ജനറൽ സർവീസ് ഡോക്ടർമാരുടെ തസ്തികയും അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ